# ലോഗോസ് ക്വിസ് - 2024

## ചോദ്യക്കടലാസ് "C-E" Age Category

**(തീയതി: 2024 സെപ്തംബർ 29; സമയം: 2.00 p.m. മുതൽ 3.30 p.m. വരെ)**

**ന്യായാധിപന്മാർ 1-10; പ്രഭാഷകൻ 34-40, ലൂക്കാ 9-16, 2 കോറിന്തോസ് 7-13**

K.C.B.C. BIBLE COMMISSION ★ KERALA CATHOLIC BIBLE SOCIETY

LOGOS QUIZ

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

REG. No. E.R. 649/91

**നിർദേശങ്ങൾ:**

*1) ഈ ചോദ്യക്കടലാസ് C-E പ്രായവിഭാഗത്തിൽപ്പെട്ടവർക്കു മാത്രമുള്ളതാണ്. 2) പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാവർക്കും ചോദ്യക്കടലാസ്സും ഉത്തരക്കടലാസ്സും ഹാൾടിക്കറ്റും ലഭിക്കുന്നതാണ്. 3) ഉത്തരക്കടലാസ്സിൽ നിങ്ങളുടെ പേര്, സെന്റർ കോഡ്, പ്രായവിഭാഗം, ഹാൾ ടിക്കറ്റ് നമ്പർ തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്. 4) ആകെ 103 ചോദ്യങ്ങളാണുള്ളത്. ആദ്യത്തെ നൂറു ചോദ്യങ്ങൾക്ക് a, b, c, d എന്നീ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ നാല് ഉത്തരങ്ങൾ നല്കിയിട്ടുണ്ട്. അവയിൽ ഒരെണ്ണം മാത്രമേ ശരിയായിട്ടുള്ളൂ. ശരിയായ ഉത്തരം സൂചിപ്പിക്കുന്ന അക്ഷരങ്ങളുടെ കോളങ്ങൾ ഉത്തരക്കടലാസ്സിൽ നിങ്ങൾ കറുപ്പിക്കേണ്ടതാണ്. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. 5) ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്ന ചോദ്യങ്ങൾക്ക് ഒരു മാർക്കു വീതം കുറയ്ക്കുന്നതാണ്. ഉത്തരം വെട്ടിത്തിരുത്തുന്നത് അനുവദനീയമല്ല.*

1. "ഞാൻ അവരോടു ചെയ്തതുപോലെ തന്നെ ദൈവം എന്നോടും ചെയ്തിരിക്കുന്നു" ഇത് ആരുടെ വാക്കുകൾ ആണ്?
   a) അദോണിബസേക്ക് b) ഷേഷായി c) അഹിമാൻ d) തല്മായി
2. ഗിദെയോൻ മുന്നൂറുപേരെ എത്ര ഗണമായാണ് തിരിച്ചത്?
   a) നാല് b) മൂന്ന് c) ആറ് d) അഞ്ച്
3. കവർച്ച ചെയ്തിരുന്നവരുടെ ആധിപത്യത്തിൽനിന്ന് ഇസ്രായേൽ ജനത്തെ രക്ഷിച്ചതാര്?
   a) എഗ്ലോൻ b) യാബീൻ c) ന്യായാധിപന്മാർ d) ഗാൽ
4. ഇസ്രായേൽജനം മൊവാബു രാജാവായ എഗ്ലോനെ എത്ര വർഷം സേവിച്ചു?
   a) പതിനെട്ടു വർഷം b) പതിമൂന്ന് വർഷം c) പതിനഞ്ച് വർഷം d) പത്ത് വർഷം
5. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ആരെക്കുറിച്ചാണ് തടിച്ചു കൊഴുത്ത മനുഷ്യൻ എന്ന് വിശേഷിപ്പിക്കുന്നത്?
   a) യാബീൻ b) ഏഹൂദ് c) ഷംഗാർ d) എഗ്ലോൻ
6. ഇസ്രായേൽ ജനം ഇരുപതുവർഷം ക്രൂരമായി പീഡിപ്പിക്കപ്പെട്ടത് ഏതു രാജാവിന്റെ കാലത്താണ്?
   a) എഗ്ലോൻ b) സിസേറ c) യാബീൻ d) കുഷാൻറിഷാത്തായിം
7. ആരാണ് കൂടാരവാസികളിൽ ഏറ്റം ധന്യ?
   a) അക്സാ b) ദബോറ c) ജായേൽ d) റൂത്ത്
8. മിദിയാൻകാരുടെ കൈയിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ കർത്താവു തിരെഞ്ഞെടുത്ത ഗിദെയോന്റെ ഗോത്രമേത്?
   a) ഗാദ് b) സെബുലൂൺ c) നഫ്താലി d) മനാസ്സെ
9. ഗിദെയോൻ കർത്താവിന്റെ ദൂതന് സമർപ്പിച്ച ഇറച്ചിയും പുളിപ്പില്ലാത്ത അപ്പവും എവിടെനിന്ന് ഉയർന്ന തീയിൽ ആണ് ദഹിച്ചത്?
   a) മുൾപ്പടർപ്പിൽനിന്ന് b) ആകാശത്തിൽനിന്ന് c) ഓക്കുമരത്തിൽനിന്ന് d) പാറയിൽനിന്ന്
10. ഗിദെയോന്റെ ആദ്യജാതന്റെ പേരെന്ത്?
    a) അബിമെലെക്ക് b) യോത്താം c) യഥർ d) യോവാഷ്
11. ബാൽബരീത്തിനെ ദൈവമാക്കിയതുകൊണ്ട്, ആരുടെ കുടുംബത്തോടാണ് ഇസ്രായേൽജനം ഒട്ടും കരുണ കാണിക്കാതിരുന്നത്?
    a) ഗിദെയോന്റെ b) ഗാലിന്റെ c) സിസേറയുടെ d) മിദിയാൻകാരുടെ
12. ദാൻ ഗോത്രത്തെ മലമ്പ്രദേശത്തേക്കു തള്ളിവിട്ടതാര്?
    a) കാനാന്യർ b) അമോര്യർ c) മോവാബ്യർ d) ഹിത്യർ
13. എത്ര ഫിലിസ്ത്യരെയാണ് അനാത്തിന്റെ പുത്രനായ ഷംഗാർ ചാട്ടകൊണ്ട് കൊന്നത്?
    a) അറുന്നൂറ് b) നാന്നൂറിലേറെ c) ഇരുന്നൂറ് d) നാന്നൂറ്
14. യാബീന്റെ സേനാപതി സിസേറ എവിടെ വച്ച് ബാറക്കിനെ എതിർക്കാൻ കർത്താവ് ഇടയാക്കുമെന്നാണ് ദബോറാ ബാറക്കിനോട് പറഞ്ഞത്?
    a) ഗിൽഗാൽ b) താബോർ മല c) കിഷോൻ നദി d) ഗാഷ് പർവതം
15. ദബോറയുടെ കീർത്തനത്തിൽ ആരാണ് ബാറക്കിനോട് വിശ്വസ്തനായിരുന്നു എന്ന് പ്രതിപാദിക്കുന്നത്?
    a) ഇസാക്കർ b) ബഞ്ചമിൻ c) ദബോറ d) ജായേൽ
16. "അവനുവേണ്ടി നിൽക്കുന്നവരെല്ലാം പ്രഭാതത്തോടെ വധിക്കപ്പെടും". ആർക്കുവേണ്ടി നിൽക്കുന്നവർ ആണ് വധിക്കപ്പെടുന്നത്?
    a) അഷേരയ്ക്കുവേണ്ടി
    b) ബാലിനുവേണ്ടി
    c) കുഷാൻറിഷാത്തായിമിനുവേണ്ടി
    d) അദോണിബസേക്കിനുവേണ്ടി
17. അബിമെലെക്കിനും ഷെക്കെം നിവാസികൾക്കും ഇടയ്ക്ക് ദൈവം ആരെയാണ് അയച്ചത്?
    a) ഗാലിനെ b) യോത്താമിനെ c) സെബൂളിനെ d) ദുരാത്മാവിനെ
18. അബിമെലെക്കിനുശേഷം ഇസ്രായേലിനെ രക്ഷിക്കാൻ ആരാണ് നിയുക്തനായത്?
    a) യോത്താം b) തോല c) ജഫ്താ d) ജായിർ
19. വൃക്ഷങ്ങൾ തങ്ങൾക്കൊരു രാജാവിനെ അഭിഷേകം ചെയ്യാൻ തീരുമാനിച്ചപ്പോൾ ആദ്യം സമീപിച്ചത് ഏതു വൃക്ഷത്തെയാണ്?
    a) ഒലിവുമരത്തെ b) മുൾപ്പടർപ്പിനെ c) അത്തിമരത്തെ d) മുന്തിരിയെ
20. താഴെ പറയുന്നവരിൽ ആരാണ് ഇസ്രായേലിൽ ഇരുപത്തിരണ്ടു വർഷം ന്യായപാലനം നടത്തിയത്?
    a) തോല b) അബിമെലക്ക് c) ഗിദെയോൻ d) ജായിർ
21. ദബോറയുടെ കീർത്തനത്തിൽ ഏതു നിവാസികളെ കഠിനമായി ശപിക്കാനാണ് കർത്താവിന്റെ ദൂതൻ പറയുന്നത്?
    a) സുക്കോത്ത് നിവാസികളെ b) മെറോസ് നിവാസികളെ c) പെനുവേൽ നിവാസികളെ d) കാനാൻ നിവാസികളെ
22. മിദിയാൻകാരിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ തന്നോടൊപ്പം ചേരാൻ ഗിദെയോൻ വിളിക്കാതിരുന്ന ഗോത്രമേത്?
    a) ആഷേർ b) ദാൻ c) സെബുലൂൺ d) നഫ്താലി
23. "എന്തിന് നിന്റെ പട്ടാളത്തിന് ഞങ്ങൾ അപ്പം തരണം?" ഗിദെയോനോട് ആരാണ് ഇങ്ങനെ ചോദിച്ചത്?
    a) സുക്കോത്തിലെ ജനങ്ങൾ b) പെനുവേൽ നിവാസികൾ c) എഫ്രായിംകാർ d) സുക്കോത്തിലെ പ്രമാണികൾ
24. ജറുബ്ബാൽ എന്ന പേരിന്റെ അർത്ഥമെന്ത്?
    a) ബാൽ തന്നെ അവനോട് മത്സരിക്കട്ടെ
    b) ബാൽതന്നെ മത്സരിക്കട്ടെ
    c) ബാൽ തന്നെ അവനെതിരായി മത്സരിക്കട്ടെ
    d) ബാൽ തന്നെ അവനുവേണ്ടി മത്സരിക്കട്ടെ
25. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഇസ്രായേൽജനം കർത്താവിനു ബലിയർപ്പിച്ചതായി ആദ്യമായി രേഖപ്പെടുത്തുന്ന സ്ഥലമേത്?
    a) ലൂസ് b) ബോക്കിം c) പെനുവേൽ d) അഷ്ക്കലോൻ
26. ആർക്കാണ് അറിവ് കുറയുമെന്ന് പ്രഭാഷകൻ പറയുന്നത്?
    a) വിശ്വാസമില്ലാത്തവന് b) ദൈവഭക്തിയില്ലാത്തവന് c) അനുഭവജ്ഞാനമില്ലാത്തവന് d) നിയമനിഷേധകന്
27. പ്രഭാഷകന്റെ അഭിപ്രായത്തിൽ ആരുടെ ബലിയാണ് സ്വീകാര്യമായിട്ടുള്ളതും വിസ്മരിക്കപ്പെടുകയില്ലാത്തതുമായ ബലി?
    a) വിനീതന്റെ b) വിശ്വസ്തന്റെ c) ദൈവഭക്തന്റെ d) നീതിമാന്റെ

28. "അവന്റെ പ്രത്യാശ അവന്റെ രക്ഷകനിലാണ്". അവൻ ആര്?
a) ദൈവഭക്തൻ b) നിയമം പാലിക്കുന്നവൻ
c) വിദ്യാസമ്പന്നൻ d) നീതിമാൻ

29. പ്രഭാഷകൻ 34-ാം അധ്യായത്തിൽ എത്ര ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്?
a) നാല് b) ആറ് c) ഏഴ് d) എട്ട്

30. സമാധാനബലിക്കു തുല്യമായ പ്രവൃത്തി ഏതെന്നാണ് പ്രഭാഷകൻ സൂചിപ്പിക്കുന്നത്?
a) ദുഷ്ടതയിൽനിന്ന് ഒഴിയുന്നത്
b) ഭിക്ഷ കൊടുക്കുന്നത്
c) കരുണ കാണിക്കുന്നത്
d) കല്പനകൾ അനുസരിക്കുന്നത്

31. "സന്തോഷത്തോടെ ദശാംശം കൊടുക്കുക" എന്ന പ്രഭാഷക പുസ്തകത്തിലെ അധ്യായവും വാക്യവും ഏത്?
a) 35,12 b) 35,13 c) 35,11 d) 35,14

32. അവന്റെ പ്രാർഥന മേഘങ്ങൾ തുളച്ചുകയറുന്നു. ആരുടെ പ്രാർഥന?
a) നീതിമാന്റെ
b) കർത്താവിനു പ്രീതികരമായി ശുശ്രൂഷ ചെയ്യുന്നവന്റെ
c) വിനീതന്റെ
d) ദരിദ്രന്റെ

33. ദരിദ്രനോട് പക്ഷപാതം കാണിക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട്, ആരുടെ പ്രാർഥന കർത്താവ് കേൾക്കുമെന്നാണ് പറയുന്നത്?
a) പാപം ചെയ്തവന്റെ b) അനാഥന്റെ
c) തിന്മയ്ക്കു വിധേയനായവന്റെ d) ദരിദ്രന്റെ

34. അവിടുന്ന് സ്വീകരിക്കുകയില്ലായെന്ന് പ്രഭാഷകൻ 35-ാം അധ്യായത്തിൽ പറയുന്നത് എന്തിനെക്കുറിച്ചാണ്?
a) നീതിരഹിതന്റെ പ്രാർഥന b) അനീതിപൂർവകമായ ബലി
c) ദുഷ്ടന്റെ ബലി d) കൈക്കൂലി

35. ആരുടെ ബലികളിൽ അത്യുന്നതൻ പ്രസാദിക്കുന്നില്ല എന്നാണ് പ്രഭാഷകൻ പറയുന്നത്?
a) വിശ്വാസമില്ലാത്തവന്റെ b) ദുഷ്ടന്റെ
c) ദൈവഭക്തിയില്ലാത്തവന്റെ d) നിയമനിഷേധകന്റെ

36. പ്രഭാഷകന്റെ അഭിപ്രായത്തിൽ എന്താണ് പുരുഷന്റെ ഏറ്റവും വലിയ സമ്പത്ത്?
a) സ്നേഹം b) ഭാര്യ c) ധനം d) സ്വർണം

37. പൂരിപ്പിക്കുക: "അങ്ങയുടെ . . . . കൊണ്ട് അങ്ങയുടെ ആലയത്തെ നിറയ്ക്കണമേ."
a) മഹത്വം b) സ്നേഹം c) കരുണ d) അദ്ഭുതങ്ങൾ

38. കരുണയ്ക്കുപകരം കരുണ കാണിക്കുന്നത് ഏതു ബലിക്കു തുല്യമാണ്?
a) സമാധാനബലി b) കൃതജ്ഞതാബലി
c) ധാന്യബലി d) പാപപരിഹാരബലി

39. പ്രഭാഷകന്റെ അഭിപ്രായത്തിൽ കർത്താവ് ആദ്യജാതനെപ്പോലെ പരിഗണിച്ചത് ആരെയാണ്?
a) യൂദയായെ b) ഇസ്രായേലിനെ
c) ജറുസലേമിനെ d) സിയോനെ

40. ആരോട് നന്ദിയെപ്പറ്റി ആലോചന നടത്തരുതെന്നാണ് പ്രഭാഷകൻ പറയുന്നത്?
a) വ്യാപാരിയോട് b) വാങ്ങുന്നവനോട്
c) വിദ്വേഷിയോട് d) ക്രൂരനോട്

41. പ്രഭാഷകന്റെ അഭിപ്രായത്തിൽ ആരുടെ നാമമാണ് അനശ്വരമാകുന്നത്?
a) മനുഷ്യന്റെ b) ദൈവഭക്തന്റെ
c) ജ്ഞാനിയുടെ d) ഇസ്രായേലിന്റെ

42. മനുഷ്യന്റെ ജീവിതത്തിലെ പ്രാഥമികാവശ്യങ്ങളിൽ ഏഴാമതായി പറഞ്ഞിരിക്കുന്നതെന്ത്?
a) പാല് b) തേൻ c) ഗോതമ്പ് d) ഉപ്പ്

43. പൂരിപ്പിക്കുക: "അവിടുത്തെ . . . . . പരിമിതമാക്കുക ആർക്കും സാധ്യമല്ല."
a) ശക്തിയെ b) രക്ഷയെ
c) രക്ഷാകരശക്തിയെ d) സ്നേഹത്തെ

44. മരണദിനത്തെക്കുറിച്ച് ഹൃദയചാഞ്ചല്യവും ഭയവും ഉത്കണ്ഠയും ആർക്കാണ്?
a) ദുഷ്ടർക്ക് b) പാപം ചെയ്തവർക്ക്
c) ആദത്തിന്റെ സന്തതികൾക്ക് d) ദൈവമില്ലാത്തവന്

45. പൂരിപ്പിക്കുക: "കൈക്കൂലിയും അനീതിയും നിർമാർജനം ചെയ്യപ്പെടും; . . . . . എന്നേക്കും നിലനിൽക്കും."
a) വിശ്വസ്തത b) സ്നേഹം c) വിശ്വാസം d) കൃതജ്ഞത

46. പ്രഭാഷകന്റെ അഭിപ്രായത്തിൽ ആർക്കാണ് സന്തോഷം ലഭിക്കുക?
a) ദൈവഭക്തന് b) സമ്പത്തുള്ളവന്
c) കരുണയുള്ളവന് d) ഔദാര്യശീലന്

47. പൂരിപ്പിക്കുക: ". . . . ഏത് ഭക്ഷണവും സ്വീകരിക്കുന്നു".
a) ദരിദ്രൻ b) അയൽവാസി c) ഉദരം d) ലുബ്ധൻ

48. പ്രഭാഷകന്റെ അഭിപ്രായത്തിൽ സ്വർണത്തെയും വെള്ളിയേയുംകാൾ ശ്രേഷ്ഠമായതെന്ത്?
a) ജ്ഞാനം b) സദുപദേശം c) ദൈവഭക്തി d) ദാനശീലം

49. ആർക്കാണ് ഭിക്ഷാടനം മധുരിക്കുന്നത്?
a) നിർലജ്ജന് b) ദരിദ്രന്
c) ബുദ്ധിയില്ലാത്തവന് d) ദുഷ്ടന്

50. പൂരിപ്പിക്കുക: ". . . . . അനേകരെ വഞ്ചിച്ചിട്ടുണ്ട്"
a. സ്വപ്നങ്ങൾ b. ദൈവഭയമില്ലാത്തവൻ
c. ശത്രു d. ദുഷ്ടൻ

51. ദൈവത്തിന്റെ മഹത്തായ ശക്തിയെക്കുറിച്ച് എല്ലാവരും അദ്ഭുതപ്പെട്ടു. ഏത് അദ്ഭുതത്തിനുശേഷമാണ് ലൂക്കാ സുവിശേഷകൻ ഇപ്രകാരം രേഖപ്പെടുത്തുന്നത്?
a) കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു
b) പിശാചുബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു
c) മഹോദരരോഗിയെ സുഖപ്പെടുത്തുന്നു
d) ഇവയൊന്നുമല്ല

52. ലൂക്കാ 13,19ൽ യേശു ദൈവരാജ്യത്തെ സാദൃശ്യപ്പെടുത്തിയത് എന്തിനോടാണ്?
a) അത്തിവൃക്ഷം b) പുളിപ്പ്
c) കടുകുമണി d) മൂന്നളവ് മാവ്

53. ഈ കാലത്തെ വ്യാഖ്യാനിക്കാൻ അറിയാത്തവരെ യേശു വിളിക്കുന്നത് എന്ത്?
a) ഫരിസേയർ b) ഭോഷൻമാർ
c) അല്പവിശ്വാസികൾ d) കപടനാട്യക്കാർ

54. ദൈവപരിപാലനയിൽ ആശ്രയിക്കുന്നതിനെക്കുറിച്ച് യേശു അരുളിച്ചെയ്തത് ആരോടാണ്?
a) ജനക്കൂട്ടത്തോട് b) ശിഷ്യരോട്
c) ഭോഷനായ ധനികനോട് d) ഫരിസേയരോട്

55. "അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിന്റെ ദൂതൻമാരുടെ മുമ്പിൽ സന്തോഷം ഉണ്ടാകും". ഏത് ഉപമയിലാണ് യേശു ഇത് പറഞ്ഞത്?
a) ധൂർത്തപുത്രന്റെ ഉപമ
b) കാണാതായ ആടിന്റെ ഉപമ
c) കാണാതായ നാണയത്തിന്റെ ഉപമ
d) കടുകുമണിയുടെ ഉപമ

56. വലിയ സദ്യ ഒരുക്കിയ യജമാനൻ അക്കാര്യം ക്ഷണിക്കപ്പെട്ടവരെ അറിയിച്ചപ്പോൾ ഒഴികഴിവു പറഞ്ഞത് എത്ര പേരാണ് ?
a) 3 b) 4 c) 2 d) 5

57. യേശു ഒരിക്കൽ ശിഷ്യന്മാരെ ശാസിക്കുകയുണ്ടായി. പ്രദേശമേത്?
a) ജറുസലേം b) കഫർണാം
c) ബേത്സയ്ദാ d) സമരിയാ

58. അധ്യായവും വാക്യവും എഴുതുക: "എല്ലാ കാര്യങ്ങളും പിതാവ് എന്നെ ഏൽപ്പിച്ചിരിക്കുന്നു. പുത്രനാരെന്ന് പിതാവല്ലാതെ ആരും ഗ്രഹിക്കുന്നില്ല; പിതാവാരെന്ന് പുത്രനും, പുത്രൻ ആർക്കു വെളിപ്പെടുത്താനാഗ്രഹിക്കുന്നുവോ അവനും അല്ലാതെ മറ്റാരും ഗ്രഹിക്കുന്നില്ല".
a) ലൂക്കാ 10:22 b) ലൂക്കാ 10:23
c) ലൂക്കാ 11:23 d) ലൂക്കാ 11:22

59. പൂരിപ്പിക്കുക: ". . . . കുരുവികൾ . . . . നാണയത്തുട്ടിനു വിൽക്കപ്പെടുന്നില്ലേ?"
a) രണ്ട്, അഞ്ച് b) രണ്ട്, രണ്ട്
c) അഞ്ച്, രണ്ട് d) അഞ്ച്, അഞ്ച്

60. ഈ തലമുറ ദുഷിച്ച തലമുറയാണ്. ഇത് അടയാളം അന്വേഷിക്കുന്നു, യേശു ഇങ്ങനെ അരുളിച്ചെയ്തത് ആരോടാണ്?
a) നിയമജ്ഞരോട് b) ശിഷ്യരോട്
c) ജനക്കൂട്ടത്തോട് d) ഫരിസേയരോട്

61. ലൂക്കായുടെ സുവിശേഷത്തിൽ നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കാനായി എത്തിയത് ആരായിരുന്നു?
a) നിയമജ്ഞൻ b) ഫരിസേയൻ
c) ഒരു യുവാവ് d) വിജാതിയൻ

62. ലൂക്കായുടെ ഒമ്പതാം അധ്യായത്തിൽ കാണുന്ന ഏത് സംഭവമാണ് നാലു സുവിശേഷങ്ങളിലും ഉള്ളത്?
a) അപ്പസ്തോലന്മാരെ അയയ്ക്കുന്നു
b) പത്രോസിന്റെ വിശ്വാസപ്രഖ്യാപനം
c) യേശു രൂപാന്തരപ്പെടുന്നു
d) അപ്പം വർധിപ്പിക്കുന്നു

63. താഴെ പറയുന്നവയിൽ ലൂക്കായുടെ സുവിശേഷത്തിൽ മാത്രം പ്രതിപാദിച്ചിരിക്കുന്ന ഉപമയേത്?
a) കാണാതായ ആടിന്റെ ഉപമ
b) കാണാതായ നാണയത്തിന്റെ ഉപമ
c) വിരുന്നിന്റെ ഉപമ
d) കടുകുമണിയുടെ ഉപമ

64. ധൂർത്തപുത്രന്റെ ഉപമയുമായി ബന്ധമില്ലാത്ത പ്രസ്താവനയേത്?
a) ഇളയമകൻ സ്വത്ത് നശിപ്പിച്ചു കളഞ്ഞു
b) പിതാവിന്റെ മനസ്സലിഞ്ഞു
c) പിതാവ് മൂത്തമകനോട് സാന്ത്വനങ്ങൾ പറഞ്ഞു
d) പന്നികൾക്ക് കൊടുത്തിരുന്ന തവിടുകൊണ്ട് വയറു നിറയ്ക്കേണ്ടി വന്നു

65. "നാം വിജനപ്രദേശത്തായതുകൊണ്ട് ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും പോയി താമസിക്കുന്നതിനും ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനും ജനങ്ങളെ പറഞ്ഞയയ്ക്കുക". ആര് പറഞ്ഞു?
a) യേശു b) പന്ത്രണ്ടുപേർ c) പത്രോസ് d) ശിഷ്യന്മാർ

66. "അവൻ പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നത്." യേശുവിനെക്കുറിച്ച് ആരാണ് ഇപ്രകാരം പറഞ്ഞത്?
a) ജനക്കൂട്ടം b) ഫരിസേയരിൽ ചിലർ
c) ഫരിസേയർ d) ജനങ്ങളിൽ ചിലർ

67. വിജ്ഞാനത്തിന്റെ താക്കോൽ കരസ്ഥമാക്കിയിരിക്കുന്നു എന്ന് യേശു ആരോടാണ് പറഞ്ഞത്?
a) ഫരിസേയരോട്
b) നിയമജ്ഞരോട്
c) സദുക്കായരോട്
d) ഫരിസേയരോടും നിയമജ്ഞരോടും

68. ബലിപീഠത്തിനും വിശുദ്ധസ്ഥലത്തിനും മധ്യേവച്ച് കൊല്ലപ്പെട്ട പ്രവാചകനാര്?
a) ജറെമിയ b) ബറാക്കിയാ c) സഖറിയ d) ആബേൽ

69. ഹേറോദേസ് യേശുവിനെ കൊല്ലാൻ ഒരുങ്ങുന്ന വാർത്ത യേശുവിനെ അറിയിച്ചതാര്?
a) ഫരിസേയർ b) നിയമജ്ഞർ
c) ശിഷ്യന്മാർ d) ഹേറോദേസ് പക്ഷക്കാർ

70. "പതിനെട്ടു വർഷമായി സാത്താൻ ബന്ധിച്ചിട്ടിരുന്ന അബ്രാഹത്തിന്റെ ഈ മകളെ സാബത്തുദിവസം അഴിച്ചുവിടേണ്ടതില്ലെന്നോ?" യേശുവിന്റെ ഈ ചോദ്യം കേട്ട് ലജ്ജിതരായത് ആര്?
a) യേശുവിന്റെ പ്രതിയോഗികൾ b) ജനക്കൂട്ടം
c) നിയമജ്ഞർ d) ഫരിസേയർ

71. ലൂക്കാ 15-ാം അധ്യായത്തിൽ യേശുവിന്റെ വാക്കുകൾ കേൾക്കാൻ അവന്റെ അടുത്തുവന്നുകൊണ്ടിരുന്നത് ആരെല്ലാം?
a) വലിയ ജനക്കൂട്ടങ്ങൾ
b) ചുങ്കക്കാരും പാപികളുമെല്ലാം
c) ഫരിസേയരും നിയമജ്ഞരും
d) ശിഷ്യന്മാർ

72. കടുകുമണിയുടെ ഉപമയ്ക്കുശേഷം ഉടനെ വരുന്ന ഉപമ ഏത്?
a) അത്തിവൃക്ഷത്തിന്റെ ഉപമ b) വിരുന്നിന്റെ ഉപമ
c) പുളിമാവിന്റെ ഉപമ d) കാണാതായ ആടിന്റെ ഉപമ

73. ഏത് വാക്കാണ് ലൂക്കാ 13,28ൽ ഇല്ലാത്തത്?
a) അബ്രഹാം b) ഇസഹാക്ക്
c) പ്രവാചകന്മാർ d) മോശ

74. സാബത്തിൽ രോഗശാന്തി നല്കുന്നത് അനുവദനീയമോ അല്ലയോ എന്ന് യേശു ആരോടാണ് ചോദിച്ചത്?
a) നിയമജ്ഞരോട്
b) നിയമജ്ഞരോടും ഫരിസേയരോടും
c) ഫരിസേയരോട്
d) എതിരാളികളോട്

75. അധ്യായവും വാക്യവുമെഴുതുക: "സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല."
a) ലൂക്കാ 14,27 b) ലൂക്കാ 14,24
c) ലൂക്കാ 14,14 d) ലൂക്കാ 14,33

76. കർത്താവ് പൗലോസിനെ അധികാരപ്പെടുത്തിയിരിക്കുന്നത് എന്തിനുവേണ്ടിയാണ്?
a) കോറിന്തോസുകാരെ പുനരുദ്ധരിക്കാൻ
b) കോറിന്തോസുകാരെ നവീകരിക്കാൻ
c) കോറിന്തോസുകാരെ വളർത്തിയെടുക്കാൻ
d) കോറിന്തോസുകാരെ പഠിപ്പിക്കാൻ

77. അധ്യായവും വാക്യവും എഴുതുക: "മക്കൾ മാതാപിതാക്കന്മാർക്കു വേണ്ടിയല്ല സമ്പാദിക്കേണ്ടത്; മറിച്ച് മാതാപിതാക്കന്മാർ മക്കൾക്കു വേണ്ടിയാണ്".
a) 2 കോറി13:3 b) 2 കോറി 10:14
c) 2 കോറി 11:15 d) 2 കോറി 12:14

78. പുറമേ മത്സരം, അകമേ ഭയം പൗലോസ്ശ്ലീഹായുടെ ഈ പരാമർശം എവിടുത്തെ ക്ലേശങ്ങളെക്കുറിച്ചുള്ളതാണ്?
a) കോറിന്തോസ് b) മക്കെദോനിയ
c) അക്കായിയാ d) ഗലാത്തിയാ

79. കോറിന്തോസുകാരുടെ ഇടയിലെ ശുശ്രൂഷയിൽ തന്റെ പങ്കുകാരനും സഹപ്രവർത്തകനുമെന്ന് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് ആരെയാണ്?
a)ലൂക്കാ b) സിൽവാനോസ്
c) തീത്തോസ് d)കേപ്പാ

80. പൂരിപ്പിക്കുക : ". . . . . . ഞങ്ങൾ യഥാർഥത്തിൽ നിങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി ദൈവസമക്ഷം സമസ്തവും ക്രിസ്തുവിലാണ് പ്രസംഗിച്ചിരുന്നത്".
a) തിരഞ്ഞെടുക്കപ്പെട്ടവരേ b) മക്കളേ
c) സഹോദരരേ d) പ്രിയപ്പെട്ടവരേ

81. ആശയറ്റവരെ സമാശ്വസിപ്പിക്കുന്ന ദൈവം ആരുടെ സാന്നിധ്യം വഴിയാണ് പൗലോസ്ശ്ലീഹായ്ക്കും സഹപ്രവർത്തകർക്കും സമാശ്വാസം നൽകിയത്?
a) സിൽവാനോസിന്റെ b) തീത്തോസിന്റെ
c) തിമോത്തേയോസിന്റെ d) സഹോദരങ്ങളുടെ

82. ആരെ ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യത്തിൽ തങ്ങളെക്കൂടി ഭാഗഭാക്കുകളാക്കണമെന്നാണ് മക്കെദോനിയാക്കാർ പൗലോസ്ശ്ലീഹായോട് അപേക്ഷിച്ചത്?
a) കർത്താവിനെ
b) കോറിന്തോസുകാരെ
c) മക്കെദോനിയായിലെ സഭകളെ
d) വിശുദ്ധരെ

83. എത്ര പ്രാവശ്യമാണ് പൗലോസ്ശ്ലീഹാ വടികൊണ്ട് അടിക്കപ്പെട്ടത്?
a) ഒന്ന് b) രണ്ട് c) മൂന്ന് d) നാല്

84. കോറിന്തോസുകാർ മികച്ചുനിൽക്കുന്നതായി പൗലോസ്ശ്ലീഹാ പറയുന്നതിൽ മൂന്നാമത്തെ കാര്യമേത്?
a) വിശ്വാസം b) വിജ്ഞാനം c) സ്നേഹം d) ഉത്സാഹം

85. ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷാകരമായ പശ്ചാത്താപം ജനിപ്പിക്കുമ്പോൾ ലൗകികമായ ദുഃഖം എന്തിലേക്കാണ് നയിക്കുന്നത്?
a) പശ്ചാത്താപത്തിലേക്ക് b) നീതിയിലേക്ക്
c) ഭയത്തിലേക്ക് d) മരണത്തിലേക്ക്

86. സർപ്പം തന്ത്രപൂർവം ചതിച്ചത് ആരെയാണ്?
a) കോറിന്തോസുകാരെ b) പൗലോസിനെ
c) ഹവ്വായെ d) സ്ത്രീയെ

87. അരേത്താസ് രാജാവിന്റെ ദേശാധിപതി പൗലോസ്ശ്ലീഹായെ പിടികൂടുന്നതിന് ഏത് നഗരത്തിനാണ് കാവലേർപ്പെടുത്തിയത്?
a) ഫിലിപ്പി b) ത്രോവാസ്
c) മക്കെദോനിയ d) ദമാസ്ക്കസ്

88. പൂരിപ്പിക്കുക : "------ പ്രതിഫലംകൂടാതെ പ്രസംഗിച്ചുകൊണ്ടു നിങ്ങളുടെ ഉത്കർഷത്തിനുവേണ്ടി ഞാൻ എന്നെത്തന്നെ താഴ്ത്തിയത് തെറ്റാണോ?"
a) ക്രിസ്തുവിന്റെസുവിശേഷം b) കർത്താവിന്റെ വചനം
c) ദൈവവചനം d) ദൈവത്തിന്റെസുവിശേഷം

89. 2 കോറി 13 : 11 -ൽ പൗലോസ്ശ്ലീഹാ നൽകുന്ന ഉപദേശങ്ങളിൽപ്പെടാത്തത് ഏത്?
a) സമാധാനത്തിൽ ജീവിക്കുവിൻ
b) ഏകമനസ്കരായിരിക്കുവിൻ
c) എന്റെ ഉപദേശം സ്വീകരിക്കുവിൻ
d) സന്തോഷിക്കുവിൻ

90. പൗലോസ്ശ്ലീഹായ്ക്ക് കോറിന്തോസുകാരോട് തോന്നുന്നതായി 2 കോറിന്തോസ് പതിനൊന്നാം അധ്യായത്തിൽ സൂചിപ്പിക്കപ്പെടുന്ന തെന്താണ്?
a) ദൈവികമായ സഹിഷ്ണുത b) ദൈവികമായ സ്നേഹം
c) ദൈവികമായ അഭിമാനം d) ദൈവികമായ അസൂയ

91. കോറിന്തോസുകാരുടെ ഇടയിൽ താൻ കണ്ടെത്തുമോ എന്ന് പൗലോസ് ശ്ലീഹാ ഭയപ്പെടുന്ന തിന്മകളിൽ അഞ്ചാമത്തേത് ഏത്?
a) അപവാദം b) അഹന്ത
c) അസൂയ d) പരദൂഷണം

92. പൂരിപ്പിക്കുക: "നിങ്ങളുടെ അടുത്ത് എത്തിയിട്ടില്ലാത്തവരെപ്പോലെ കൈയെത്തിച്ചുപിടിക്കാൻ ഉദ്യമിക്കുകയല്ല. . . . . നിങ്ങളുടെയടുത്തു വന്നതു ഞങ്ങളാണല്ലോ."
a) ദൈവത്തിന്റെ സുവിശേഷവുമായി
b) ദൈവത്തിന്റെ വചനവുമായി
c) കർത്താവിന്റെ വചനവുമായി
d) ക്രിസ്തുവിന്റെ സുവിശേഷവുമായി

93. വിശുദ്ധി പരിപൂർണമാക്കേണ്ടത് എന്തിലാണ്?
a) ശരീരത്തിൽ
b) ദൈവസ്നേഹത്തിൽ
c) ദൈവഭയത്തിൽ
d) പ്രാർഥനയിൽ

94. കോറിന്തോസുകാരെ കുറിച്ചുള്ള ആത്മാർഥമായ താത്പര്യം ദൈവം ആരുടെ ഹൃദയത്തിലാണ് ഉദിപ്പിച്ചത്?
a) തിമോത്തേയോസ്
b) തീത്തോസ്
c) സിൽവാനോസ്
d) പൗലോസ്

95. "പരസ്പരം അളക്കാനും തുലനം ചെയ്യാനും സാഹസപ്പെടുന്ന വിഡ്ഢികളാണ് അവർ." അവർ ആര്?
a) ആത്മപ്രശംസ നടത്തുന്നവർ
b) പൊങ്ങച്ചം പറയുന്നവർ
c) വ്യർഥഭാഷണം നടത്തുന്നവർ
d) പരദൂഷകർ

96. പൂരിപ്പിക്കുക: "അഭിമാനിക്കുന്നവൻ . . . . അഭിമാനിക്കട്ടെ."
a) ക്രിസ്തുവിൽ b) കർത്താവിൽ
c) ദൈവത്തിൽ d) ബലഹീനതയിൽ

97. പൗലോസ് ശ്ലീഹാ എത്രദിവസം കടലിലൊഴുകി നടന്നു?
a) ഒരു രാത്രി b) ഒരു രാത്രിയും ഒരു പകലും
c) ഒരു രാത്രിയും രണ്ടു പകലും d) ഒരു പകൽ

98. "നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്". അധ്യായവും വാക്യവും എഴുതുക.
a) 2 കോറി 12,10 b) 2 കോറി 12,9
c) 2 കോറി 12,8 d) 2 കോറി 12,5

99. പൂരിപ്പിക്കുക: "അതിനാൽ, എനിക്കുമുമ്പേ നിങ്ങളുടെ അടുത്തുവന്ന് നിങ്ങൾ വാഗ്ദാനം ചെയ്ത ഉദാരമായ സംഭാവന മുൻകൂട്ടി സജ്ജമാക്കാൻ . . . . . . പ്രേരിപ്പിക്കുക ആവശ്യമാണെന്നു ഞാൻ കരുതി"
a) സഹോദരന്മാരെ
b) കോറിന്തോസുകാരെ
c) കോറിന്തോസിലെ സഭയെ
d) വിശുദ്ധന്മാരെ

100. അധ്യായവും വാക്യവും എഴുതുക: "അവർണനീയമായ ദാനത്തിനു ദൈവത്തിനു സ്തുതി!"
a) 2 കോറി 9,13 b) 2 കോറി 9,15
c) 2 കോറി 10,14 d) 2 കോറി 10,12

**വചനമെഴുതുക**

*നൂറ് ഉത്തരങ്ങൾ നോക്കിക്കഴിയുമ്പോൾ കൂടുതൽ പേർക്ക് ഒരേമാർക്ക് വരികയാണെങ്കിൽ, വേർതിരിക്കുവാൻ മാത്രം വചനമെഴുത്തിന്റെ മാർക്ക് പരിഗണിക്കുക.*

101. പ്രഭാഷകൻ 35,12

102. ന്യായാധിപന്മാർ 5,18

103. 2 കോറി 11,17


**ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളാകൂ!**

*ബൈബിൾ സൊസൈറ്റിയിൽ അംഗമാകൂ! തിരുവചനപ്രേഷിതരാകൂ!! സഭയുടെ ബൈബിൾ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തുക MO/DD ആയി താങ്കളുടെ അഡ്രസ്സ് സഹിതം സൊസൈറ്റിയുടെ കേന്ദ്രഓഫീസിലേക്ക് അയയ്ക്കുക.*
*സൊസൈറ്റിയുടെ അക്കൗണ്ട് നമ്പർ* A/C No. SB 0423053000000750 South Indian Bank, Vennala Branch, Palarivattom. *ഫോൺ: 0484 2996287*

*എഴുതുക:* Secretary, Kerala Catholic Bible Society, P.O.C., Palarivattom, P.B. No. 2251, Cochin 682025. E-mail: secretary@keralabiblesociety.com

**ബൈബിൾ പാരായണ മാസം**

*2024ലെ ബൈബിൾ പാരായണ മാസം ഡിസംബർ മാസത്തിൽ ആചരിക്കുന്നു. ഇടവകകളിൽ ഡിസംബർ മാസം ബൈബിൾ പാരായണത്തിലൂടെ സമുചിതമായി ആചരിക്കുവാൻ ശ്രമിക്കണം. 2024ലെ ബൈബിൾ ഞായർ ഡിസംബർ 22-ാംതിയതി ഞായറാഴ്ച ആയിരിക്കും*

**ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**

ബൈബിൾ പഠനത്തിൽ ആഴപ്പെടാൻ ഉടൻ ചേരൂ!
പ്രായഭേദമന്യേ ആർക്കും എപ്പോഴും ചേരാം.
വെറും 1000 രൂപയ്ക്ക് 45 പുസ്തകങ്ങളടങ്ങുന്ന 6 യൂണിറ്റുകൾ തപാലിൽ ലഭിക്കുന്നു.
അർഹരായവർക്ക് കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്.

## 25-ാം അഖിലകേരള ബൈബിൾ ഉപാസനയിലേക്ക് സ്വാഗതം!
## ലോഗോസ് ക്വിസ് - 2025

**പാഠഭാഗം: ന്യായാധിപന്മാർ 11-21; പ്രഭാഷകൻ 41-50; ലൂക്കാ 17-24; പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം 1-6**

രൂപതാതല പരീക്ഷാ തീയതി: **2025 സെപ്റ്റംബർ 28,** 2.00 p.m.-3.30 p.m.
സംസ്ഥാനതല പരീക്ഷാ തീയതി: **2025 നവംബർ 9, 22-23**
രജിസ്ട്രേഷൻ ആരംഭിക്കുന്നത്: **2025 ജൂൺ 1**
രജിസ്ട്രേഷൻ അവസാനിക്കുന്നത്: **2025 ജൂലൈ 31**

**പ്രായവിഭാഗങ്ങൾ**
A വിഭാഗം: 1-1-2014-നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം: 1-1-2009-നും 31-12-2013-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം: 1-1-1994-നും 31-12-2008-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം: 1-1-1974-നും 31-12-1993-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം: 1-1-1961-നും 31-12-1973-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം: 31-12-1960-നും അതിനുമുമ്പും ജനിച്ചവർ

**സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും**

**സംഘാടകർ: കേരള കാത്തലിക് ബൈബിൾ സൊസൈറ്റി**

*Website:* ***www.keralabiblesociety.com***

ലോഗോസ് ക്വിസ് 2024-ന്റെ ഉത്തരങ്ങൾക്ക് ഒക്ടോബർ 15നുശേഷം വെബ്സൈറ്റ് സന്ദർശിക്കുക.